IVO-5/46/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ശ്രീ.എം.സി അബ്ദുൾ ഖാദർ
എം.സി.ഫ്രൂട്ട്സ്
ഇരിട്ടി.

സർ,

വിഷയം - ഇരിട്ടി നഗരസഭയിൽ നിന്നും കെട്ടിട നമ്പർ റദ്ദ് ചെയ്ത് ലൈസൻസ് അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ - 1347

..................................

കീഴൂർ വില്ലേജിൽ സർവ്വെ നം.121/128ൽ 10 സ്ക്വയർ മീറ്റർ സ്ഥലത്ത് അബ്ദുൾഖാദർ എന്നവരുടെ ഉടമസ്ഥതയിലുള്ള 13/659, 13/659എ നമ്പർ കടയിൽ വച്ച് 40 വർഷത്തിലധികമായി ഫ്രൂട്ട്സ് കച്ചവടം നടത്തി വരുന്നു. 2018ൽ തലശ്ശേരി വളവുപാറ റോഡ് വികസനത്തിന് വേണ്ടി അക്വിസിഷൻ നടത്തിയപ്പോൾ അബ്ദുൽ കാദറുടെ കടയുടെ കുറച്ച് ഭാഗം പൊളിച്ചു മാറ്റി ആയത് അപേക്ഷകനായ അബ്ദുൾഖാദർ കെട്ടിടത്തിന്റെ സംരക്ഷണത്തിനായി ഷീറ്റ് ഇടുകയും പിന്നീട് മുകൾ നില ഷീറ്റ് മാറ്റി വാർപ്പാക്കിയതിനാൽ 2021ൽ വാർഡ് വിഭജനത്തിനെ തുടർന്ന് പുതിയ നമ്പർ പതിക്കാതെ നിലവിൽ ഉള്ള നമ്പർ റദ്ദ് ചെയ്തു. ലൈസൻസ് അനുവദിക്കുന്നില്ല എന്നതാണ് പരാതി. അബ്ദുൽ കാദർ എന്നവർക്ക് നഗരസഭയിൽ നിന്നും 2020 വരെ കെട്ടിട നികുതി അടക്കുകയും ലൈസൻസ് അനുവദിക്കുകയും ചെയ്തിരുന്നു.

അനധികൃത നിർമ്മാണം എന്നതിനാൽ നിലവിൽ ഉണ്ടായിരുന്ന കെട്ടിട നമ്പർ റദ്ദ് ചെയ്ത് ലൈസൻസ് പുതുക്കാൻ നഗരസഭ അനുവദിക്കാത്തതിനാൽ അപേക്ഷകന് പറയാൻ ഉള്ളത് കേൾക്കാൻ അവസരം നൽകിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ജില്ലാതല അദാലത്ത് സമിതിയുടെ പരിഗണനയ്ക്ക് Escalate ചെയ്യുന്നു.

വിശ്വസ്തതയോടെ,

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
29/01/2024